FMCG ഉൽപ്പന്നങ്ങളും PDS ആട്ട, മൈദ, കുപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, ഇടങ്ങിയ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങളും മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നു.

(ബി) സപ്ലൈകോ വിൽപ്പനശാലകളിൽ നിലവിൽ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉഴുന്ന്, പിളർന്നത്, പീസ് പരിപ്പ്, മൊരിയൻ അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള പൊന്നരി, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിൽ ഇപ്പോൾ വിൽപ്പന നടത്തുന്നുണ്ട്.

(സി) ബാധകമല്ല.

നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം

251 (1335) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. മാത്യു ടി. തോമസ് :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ഭക്ഷ്യവസ്തുക്കൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും മുഖാന്തരം വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച് എന്തെങ്കിലും ചട്ടങ്ങളോ മാനദണ്ഡങ്ങളോ നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നിത്യോപയോഗ സാധനങ്ങളായി കണക്കാക്കിയിട്ടുള്ള 13 ഇനങ്ങൾക്ക് 2009-ൽ ഈടാക്കിയിരുന്ന വിലയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇവയ്ക്ക് 2011 മാർച്ചിൽ ഈടാക്കിയിരുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇവയ്ക്ക് ഇപ്പോൾ ഈടാക്കുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) 2011 മാർച്ചിനും 2015 നവംബറിനും ഇടയ്ക്ക് എത്ര തവണ ഇവയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്;

(എഫ്) ഈ വില വർദ്ധന സംബന്ധിച്ച വിശദാംശങ്ങളും അവയ്ക്ക് സ്വീകരിച്ച മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന 13 ഇനം അവശ്യസാധനങ്ങളുടെ സബ്സിഡി വിൽപ്പന വില പൊതുവിപണി വിലയേക്കാൾ 20% കുറച്ചിട്ടാണ് നിശ്ചയിക്കേണ്ടതെന്ന് എന്ന് ഉത്തരവായിട്ടുണ്ട്. പക്ഷേ, ഇത് നടപ്പിൽ വരുത്തിയിട്ടില്ല. നിലവിൽ 13 ഇനം അവശ്യ സാധനങ്ങൾക്ക് ശരാശരി 35% പൊതുവിപണി വിലയേക്കാൾ കുറച്ചാണ് വിൽപ്പന നടത്തുന്നത്.

(ബി-ഡി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്ന് ഒഴിവാക്കി പെരുപയർ, വൻകടല, ജയ അരി, കുറുവ അരി വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ പുനർ നിർണ്ണയിച്ചിരുന്നു. വില സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - I ൽ ചേർക്കുന്നു.

(ഇ) 2011 മാർച്ചിനും 2015 നവംബറിനും ഇടയ്ക്ക് മൂന്ന് തവണ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 2014 നവംബർ മാസത്തിനുശേഷം 9 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി വിലയിൽ കുറവ് വരുത്തിയിട്ടുണ്ട്. ഈ കുറഞ്ഞ വിലയാണ് ഇപ്പോഴും ഈടാക്കുന്നത്.

(എഫ്) വില വർദ്ധന സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാവ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിപണന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിപണന വില പുനർനിർണ്ണയിച്ചത്. ഇതിനാൽ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly